©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2021-2023)

## എട്ടാമത് റിപ്പോർട്ട്

(2023 മാർച്ച് 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[**അഷ്ടമുടികായലിലെ ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച്** ]


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2023

പതിനഞ്ചാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2021-2023)

## എട്ടാമത് റിപ്പോർട്ട്

(2023 മാർച്ച്  17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[അഷ്ടമുടികായലിലെ ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് ]**

510/2023.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| ആമുഖം | : | vii |
| റിപ്പോർട്ട് | : | 1 |

# പരിസ്ഥിതി സംബന്ധിച്ച സമിതി (2021-2023)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ഇ. കെ. വിജയൻ

<u>അംഗങ്ങൾ</u> :

ശ്രീ. പി. കെ. ബഷീർ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീമതി യു. പ്രതിഭ

ശ്രീ. സജീവ് ജോസഫ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീമതി സുദർശന കെ. ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

# ആമുഖം

പുരാതന കാലം മുതൽ നമ്മുടെ രാജ്യത്തിന്റെ ദക്ഷിണ പശ്ചിമ തീരത്ത് വാണിജ്യ പരമായി ഏറെ പ്രശസ്തമായ ഒരു തുറമുഖ നഗരമായിരുന്നു കൊല്ലം. നഗരത്തിന്റെ പൂർവ്വകാല പ്രശസ്തിയ്ക്കും അഭിവൃദ്ധിയ്ക്കും നിദാനമായ ജലസ്രോതസ്സുകളിൽ ഏറ്റവും പ്രമുഖമായത് അഷ്ടമുടികായലാണ്. നഗരത്തിന്റെ സാംസ്കാരികവും സാമ്പത്തികവുമായ വളർച്ചയുടെ പ്രചോദനവും നഗരത്തിന്റെയും പരിസരപ്രദേശങ്ങളുടെയും ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും കാരണവുമായ അഷ്ടമുടികായലിന് ചരിത്രപരമായ പ്രധാന്യമാണുള്ളത്.

കൊല്ലം, കരുനാഗപ്പള്ളി, കുന്നത്തൂർ താലൂക്കുകളിലായി വ്യാപിച്ചു കിടക്കുന്ന കായലിന് ആശ്രാമം, കണ്ടച്ചിറ, കുരീപ്പുഴ, മുക്കാടൻ, പ്രാക്കുളം, മഞ്ഞപ്പാടം, കാഞ്ഞിരകോട്, വെള്ളിമൺ എന്നീ എട്ടുമുടികൾ (ശാഖകൾ) ഉള്ളതുകൊണ്ടാണ് അഷ്ടമുടിക്ക് ഈ പേര് കൈവന്നത്. ഔദ്യോഗിക കണക്കുകളിൽ 61.40 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള ഈ കായൽ ദേശാടനപക്ഷികളുൾപ്പെടെ ഏകദേശം 57 ഇനം പക്ഷികളുടെയും 97 ഇനം മത്സ്യങ്ങളുടെയും 43 ഇനം കണ്ടൽക്കാടുകളുടെയും ആവാസ വ്യവസ്ഥ ഉൾക്കൊള്ളുന്നതാണ്.

തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായി അംഗീകരിച്ച അന്താരാഷ്ട്ര-റംസർ കൺവെൻഷനിൽ 1204-ാം സൈറ്റായി പ്രഖ്യാപിക്കപ്പെട്ട അഷ്ടമുടികായൽ കേരളത്തിലെ 3 റംസർ സൈറ്റുകളിൽ ഒന്നാണ്. കൊല്ലം നഗരത്തിലെയും സമീപ പ്രദേശങ്ങളിലെയും ആവാസവ്യവസ്ഥ കാത്തുസൂക്ഷിച്ചിരുന്ന അഷ്ടമുടികായൽ സമീപകാലത്തായി വൻതോതിലുള്ള കായൽ കൈയേറ്റം, മണലൂറ്റ്, മലിനീകരണം എന്നിവ നേരിടുന്നുണ്ട്. തീരത്തോടുചേർന്നുള്ള കായൽഭാഗത്തിന്റെ ആഴം അരമീറ്ററിൽ താഴെയെത്തിയതായും തീരങ്ങളിലുള്ള മത്സ്യ പ്രജനന കേന്ദ്രങ്ങളായിരുന്ന കണ്ടൽക്കാടുകൾ വൻതോതിൽ കുറഞ്ഞതായും പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. കായലിൽ ധാരാളമുണ്ടായിരുന്ന കരിമീൻ, ഞണ്ട്, ചെമ്മീൻ എന്നിവയൊക്കെ വംശനാശം നേരിട്ടതിനെ തുടർന്ന് മീൻപിടിച്ച് ഉപജീവനം നടത്തിയിരുന്ന നൂറുകണക്കിന് മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടതായും കണക്കാക്കപ്പെടുന്നു. കൊല്ലം നഗരത്തിലെ ആശുപത്രികളിൽനിന്നുള്ള മാലിന്യവും തീരങ്ങളിലെ കയർ വ്യവസായവുമായി ബന്ധപ്പെട്ട രാസവസ്തുക്കൾ അടക്കമുള്ള മാലിന്യവും മനുഷ്യവിസർജ്ജ്യവും കായലിനു ഭീഷണിയുയർത്താൻ തുടങ്ങിയിട്ട് കാലമേറെയായി.

അഷ്ടമുടികായലിലെ ഉയർന്ന മലിനീകരണ നിരക്ക് നഗരവാസികളുടെ ആരോഗ്യത്തിന് ഭീഷണിയായതിനെ തുടർന്ന് തണ്ണീർത്തടത്തിന്റെ സംരക്ഷണം സംബന്ധിച്ചും കൊല്ലം കോർപ്പറേഷനിലെയും സമീപ പ്രദേശങ്ങളിലെയും ആശുപത്രികളും വ്യവസായ-വാണിജ്യ സ്ഥാപനങ്ങളും കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള ഖര-ദ്രവ മാലിന്യങ്ങൾ കൊല്ലം തോട് വഴി കായലിലേക്ക് ഒഴുക്കുന്നതിനെതിരെയും കായലിന് സമീപത്തെ വീടുകളിൽ നിന്നും ഹൗസ് ബോട്ടുകളിൽ നിന്നുമുള്ള മാലിന്യ നിക്ഷേപം, മേഖലകളിലെ വൻതോതിലുള്ള

കായൽ കൈയേറ്റം, മണലൂറ്റ് എന്നിവ സംബന്ധിച്ചും നിരവധി പരാതികളാണ് സമിതിക്ക് ലഭിച്ചത്. പ്രസ്തുത പരാതികൾ സമിതി വിശദമായി പരിശോധിക്കുകയും അവയിൽ ഉന്നയിക്കപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് കൊല്ലം ജില്ലാ ഭരണകൂടവുമായും പരിസ്ഥിതി, ജലവിഭവം, റവന്യൂ, തദ്ദേശസ്വയംഭരണ, ആരോഗ്യ-കുടുംബക്ഷേമം, മത്സ്യബന്ധന-തുറമുഖ, വിനോദ സഞ്ചാരം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായും 22-6-2022-ന് കൊല്ലത്തും 26-7-2022-ൽ തിരുവനന്തപുരത്തും വച്ച് നടത്തിയ തെളിവെടുപ്പ് യോഗങ്ങളിൽ വിശദമായ ചർച്ച നടത്തുകയും വിവരശേഖരണം നടത്തുകയും 13-7-2018, 22-6-2022 തീയതികളിൽ അഷ്ടമുടികായലും മാലിന്യ നിക്ഷേപം ഉള്ളതായി കണ്ടെത്തിയ പ്രദേശങ്ങളായ കെ.എസ്.ആർ.ടി.സി. സ്റ്റാന്റിനുമുൻഭാഗം, കുരീപ്പുഴ ചണ്ടിഡിപ്പോ, സാമ്പ്രാണിക്കോടി എന്നിവിടങ്ങളും സന്ദർശിക്കുകയും ചെയ്തു. പ്രസ്തുത സന്ദർശനങ്ങളുടെയും തെളിവെടുപ്പുകളുടെയും ചർച്ചകളുടെയും വിവരശേഖരണത്തിന്റെയും ഫലമായി സമിതി കണ്ടെത്തിയ വസ്തുതകളുടെയും എത്തിച്ചേർന്ന നിഗമനങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

പ്രസ്തുത റിപ്പോർട്ട് 2023 മാർച്ച് 14-ാം തീയതി ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

തിരുവനന്തപുരം,
2023 മാർച്ച് 17.

**ഇ. കെ. വിജയൻ,**
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

# റിപ്പോർട്ട്

കടലിനോടു ചേർന്നുള്ള കായലുകൾ കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതിയുടെ സംഭാവനയാണ്. തനതായ ഒരു തണ്ണീർത്തട ആവാസവ്യവസ്ഥയോടുകൂടിയ അഷ്ടമുടി കായൽ എന്ന ജലാശയം വലിയ ഈന്തപ്പനയുടെ ആകൃതിയിലുള്ളതും സംസ്ഥാനത്തെ വേമ്പനാട് അഴിമുഖ ആവാസവ്യവസ്ഥയ്ക്ക് പിന്നിൽ വലിപ്പത്തിൽ രണ്ടാമതുമാണ്.

സംസ്ഥാനത്തെ റംസർ സൈറ്റുകൾ സംരക്ഷിക്കേണ്ട പരിപൂർണ്ണ ഉത്തരവാദിത്തം കേന്ദ്ര-സംസ്ഥാന-തദ്ദേശഭരണകൂടങ്ങൾക്കുണ്ടെങ്കിലും കേരളത്തിലെ ആദ്യ റംസർ സൈറ്റായ അഷ്ടമുടികായൽ സംരക്ഷണത്തിനായുള്ള നടപടികൾക്ക് തുടക്കം കുറിയ്ക്കാൻ ഏറെ കാത്തിരിക്കേണ്ടിവന്നു. അഷ്ടമുടികായൽ അന്താരാഷ്ട്ര പ്രാധാന്യമുള്ള ജലാശയമായി പ്രഖ്യാപിക്കുകയും അതിന്റെ സംരക്ഷണത്തിനായുള്ള ഫണ്ട് ലഭ്യമാക്കുകയുമൊക്കെ ഉണ്ടായെങ്കിലും കായൽ സംരക്ഷിക്കുന്നതിനുള്ള ഫലപ്രദമായ നടപടികളുടെ അഭാവം പ്രകടമാണ്. എന്നുമാത്രമല്ല, നഗര വികസനത്തിന്റെ ആധിക്യത്താൽ കായൽ സംരക്ഷണത്തിന് വേണ്ടത്ര പ്രാധാന്യം ലഭിച്ചിട്ടില്ലെന്നും സമിതി കരുതുന്നു.

ദശാബ്ദങ്ങൾക്കുമുമ്പ് 61.40 ച.കി.മീറ്റർ ഉണ്ടായിരുന്ന കായൽ ഇന്ന് 34 ച.കി. മീറ്ററായി കുറഞ്ഞിരിക്കുന്നതായി വിവിധ പരിസ്ഥിതി പ്രവർത്തകരും സംഘടനകളും സമിതിയെ അറിയിക്കുകയുണ്ടായി. ദളവാപുരത്തിനും നീണ്ടകര അഴിമുഖത്തിനും കാവനാടിനും ഇടയിലായി വ്യാപകമായി രൂപപ്പെട്ടുകൊണ്ടിരിക്കുന്ന പുതിയ തുരുത്തുകളുടെ ആവിർഭാവം, കൃഷിയ്ക്കായി ചതുപ്പുകളും കണ്ടൽക്കാടുകളും നശിപ്പിക്കുന്ന പ്രവണത, പാർപ്പിടാവശ്യങ്ങൾക്കു വേണ്ടി ഉണ്ടായ വൻകിട കൈയേറ്റം ഉൾപ്പെടെയുള്ള കൈയേറ്റങ്ങൾ തുടങ്ങിയവയാണ് കായൽ വിസ്തൃതി കുറയാൻ പ്രധാന കാരണങ്ങളെന്നും ഈ വിഷയത്തിൽ സർക്കാർ സംവിധാനങ്ങൾ പുലർത്തിയ നിസ്സംഗത സ്ഥിതിഗതികൾ ഗുരുതരമാക്കിയെന്നും വിവിധ തെളിവെടുപ്പ് യോഗങ്ങളിൽ നിവേദകർ ചൂണ്ടിക്കാട്ടിയിരുന്നു.

വലിയ യാനങ്ങളും വിദേശ നൗകകളും, പെട്രോളിയവും, ഭക്ഷ്യധാന്യങ്ങളും കയറ്റിയ ബാർജുകളും കാണപ്പെട്ടിരുന്ന കായലിൽ നിലവിൽ ഹൗസ് ബോട്ടുകൾ, യാത്രാബോട്ടുകൾ, ടൂറിസ്റ്റ് ബോട്ടുകൾ മുതലായവയാണ് കൂടുതലായി കണ്ടുവരുന്നതെന്ന അഭിപ്രായം ശരിയാണെന്ന് സമിതി വിലയിരുത്തുന്നു. കല്ലടയാറ്റിൽ നിന്നുള്ള എക്കൽ അടിഞ്ഞ് നീണ്ടകര അഴിമുഖത്ത് രണ്ടു ചതുരശ്ര കിലോമീറ്ററോളം പ്രദേശം നികന്ന് കണ്ടൽ തുരുത്തുകളായതായും ഇവയിലേറെയും താമസക്കാർ നികത്തിയെടുത്തതുമൂലം ആശ്രാമം മുതൽ അഴിമുഖം വരെ വലിയൊരുചാൽ മാത്രമായി പ്രസ്തുത കായൽ ഭാഗം മാറിയതായും കാവനാട്ടും കുരീപ്പുഴയിലും സമൃദ്ധമായി ഉണ്ടായിരുന്ന കണ്ടൽക്കാടുകൾ നാമവശേഷമായതായും വള്ളംകളിക്കുവേണ്ടി ആശ്രാമം

ഭാഗത്ത് 1100 മീറ്റർ ദൈർഘ്യത്തിൽ കായലിന്റെ ആഴം വർദ്ധിപ്പിക്കാനെടുത്തുമാറ്റിയ മണൽ കായലിൽ തന്നെ നിക്ഷേപിച്ചത് സുഗമമായ വേലിയേറ്റ പ്രഭാവത്തെ പ്രതികൂലമായി ബാധിച്ചതായും വിവിധ തെളിവെടുപ്പ് യോഗങ്ങളിൽ ലഭ്യമായ വിവരങ്ങളിൽ നിന്ന് സമിതി മനസ്സിലാക്കുന്നു.

വർദ്ധിച്ച നഗരവൽക്കരണത്തിന്റെ ഫലമായി വീടുകൾ, ഹോട്ടലുകൾ, കച്ചവടസ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ഹൗസ്ബോട്ടുകൾ, ചെറുതും വലുതുമായ വ്യവസായ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും കൃഷിയോടനുബന്ധിച്ച രാസവളങ്ങളുടെയും, കീടനാശിനികളുടെയും അമിത ഉപയോഗം വഴിയും അശാസ്ത്രീയ മത്സ്യബന്ധനം, അനുബന്ധപ്രവർത്തനങ്ങൾ, ശരിയായ മാലിന്യ സംസ്കരണ രീതികളുടെ അഭാവം എന്നിവമൂലവും കുമിഞ്ഞുകൂടുന്ന മാലിന്യങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ അഷ്ടമുടികായലിൽ എത്തിച്ചേരുന്നത് കായൽ ജലത്തിന്റെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കൂടാതെ കായൽ കൈയേറ്റവും തോട്ടണ്ടി സംസ്കരണ യൂണിറ്റുകളിലെയും സ്ഥാപനങ്ങളിലെയും വിനോദസഞ്ചാര മേഖലകളിലെയും അനാരോഗ്യകരമായ പ്രവർത്തനങ്ങളും കായലിന്റെ ആരോഗ്യകരമായ ആവാസ വ്യവസ്ഥയ്ക്ക് വെല്ലുവിളിയായിട്ടുണ്ട്.

കൊല്ലം നഗര പ്രദേശം, നീണ്ടകര എന്നിവിടങ്ങളിലെ കായൽ ജലത്തിന്റെ മോശം ഗുണനിലവാരം പ്രത്യേക ശ്രദ്ധനല്കി പരിഹരിക്കേണ്ട വിഷയമാണ്. നഗരത്തിൽ നിന്നുള്ള സംസ്കരിക്കാത്ത മാലിന്യം, ഹോട്ടലുകൾ, വ്യവസായ ശാലകൾ എന്നിവിടങ്ങളിൽ നിന്നും വിനോദസഞ്ചാര പ്രവർത്തനങ്ങളിൽ നിന്നുമുണ്ടാകുന്ന മാലിന്യങ്ങൾ, പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ എന്നിവയെല്ലാം പ്രസ്തുത പ്രദേശങ്ങളിൽ കൂടിയൊഴുകുന്ന കായൽ ഏറ്റുവാങ്ങുന്ന സ്ഥിതിയാണുള്ളത്. നീണ്ടകരയുടെ അപ്സ്ട്രീം പ്രദേശമായ കുരീപ്പുഴയിലാണ് മാലിന്യ നിക്ഷേപ സംസ്കരണ യൂണിറ്റുള്ളത് എന്നത് കണക്കിലെടുത്ത് ഈ മേഖലയിലെ കായൽ ജലത്തിന്റെ ഗുണനിലവാരം പ്രത്യേകം പഠനവിധേയമാക്കേണ്ടതാണ്.

തീരത്തോടടുത്ത് സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിലെ തെങ്ങു കൃഷിയും നിർമ്മാണ പ്രവർത്തനങ്ങളും കായലിന്റെ വിസ്തൃതി കുറയാൻ ഇടയാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖപ്രദേശം , കല്ലട നദിയുടെ സമീപ പ്രദേശങ്ങളായ ആശ്രാമം, പെരുംപ്, വിൻസെന്റ് തുരുത്ത് എന്നിവിടങ്ങളിലെ കായൽ ജലത്തിൽ ഇ-കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുതലാണ്. കാർഷിക മേഖലയിലെ രാസവളങ്ങൾ, കീടനാശിനികൾ എന്നിവയുടെ അമിത ഉപയോഗം, പ്രസ്തുത സ്ഥലങ്ങളിലെ കായൽ ജലത്തിൽ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ് എന്നീ മൂലകങ്ങളുടെ അമിത സാന്നിദ്ധ്യത്തിനും തത്ഫലമായുണ്ടാകുന്ന ജല മലിനീകരണത്തിനും കാരണമാകുന്നുണ്ടോയെന്ന് പരിശോധിക്കണമെന്ന് സമിതി കരുതുന്നു.

ചകിരി സംസ്കരണ യൂണിറ്റുകൾ, പേപ്പർ മില്ലുകൾ, തോട്ടണ്ടി സംസ്കരണയൂണിറ്റുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യ അവശിഷ്ടങ്ങൾ കായലിന്റെ തെക്ക് പ്രദേശത്ത് അടിഞ്ഞുകൂടുന്നത് നിയന്ത്രണ വിധേയമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

വേമ്പനാട് അഴിമുഖം കഴിഞ്ഞാൽ ഏറ്റവും വലിയ മത്സ്യബന്ധന കേന്ദ്രമായി കണക്കാക്കപ്പെടുന്ന ഈ അഴിമുഖം ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗമാണ്. അതുല്യമായ കോപ്പപോഡ് സ്പീഷീസുകളും എല്ലാ ഇനം പെനൈഡ്, പാലമോനിഡ്, കൊഞ്ച്, ഭക്ഷ്യയോഗ്യമായ ഞണ്ടുകൾ, പാഫിയ മലബാറിക്ക, വിവിധതരം മത്സ്യങ്ങൾ എന്നിവയ്ക്കും സുഖപ്രദമായ ആവാസ കേന്ദ്രമാണ് അഷ്ടമുടി കായൽ. കേരള തീരത്തുനിന്ന് ലഭിക്കുന്ന ചെമ്മീനിന്റെ 65 ശതമാനം ഇവിടെ ലഭിക്കുന്നതിനാൽ ഫിഷറീസ് പഠന ശാഖയിൽ 'ക്വയിലോൺ ബാങ്ക് ' എന്നാണ് കൊല്ലം സമുദ്രഭാഗം അറിയപ്പെടുന്നത്. ഈ ചെമ്മീൻ സമ്പത്തിന്റെ നഴ്സറിയാണ് അഷ്ടമുടികായൽ.

അഷ്ടമുടികായലിന്റെ ജൈവവ്യവസ്ഥയും പരിസ്ഥിതിയും സംരക്ഷിക്കുന്നതിന് കായലിന്റെ അതിർത്തി പങ്കിടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സംയുക്ത സംരംഭമായ 'കണ്ടലഴക് ' എന്ന പദ്ധതി പ്രയോജനപ്രദമാണെന്ന് സമിതി വിലയിരുത്തുന്നു. അഷ്ടമുടി കായലിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒന്നായ മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത് അഭിമുഖീകരിക്കുന്നതും രൂക്ഷമായ വേലിയേറ്റം മൂലമുണ്ടാകുന്നതുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി ടി.ഡി.എഫ്. പദ്ധതിയുടെ ഭാഗമായി പ്രത്യേകം രൂപകല്പന ചെയ്ത സിന്തറ്റിക് ടാങ്കുകളോട് കൂടിയ ബയോ ടോയ്‌ലെറ്റുകൾ സ്ഥാപിച്ചു നൽകിയതിലൂടെ, കായൽ ജലത്തിൽ ഇ-കോളി ബാക്ടീരിയയുടെ അളവിലെ വർദ്ധനവിന് ഒരു പരിധിവരെ പരിഹാരം ഉണ്ടായിട്ടുണ്ടെന്ന് സമിതി വിലയിരുത്തുന്നു. കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ മാലിന്യസംസ്കരണത്തിനായി അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ ശേഷിയുള്ള സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും അറവുശാലയിൽ നിന്നുള്ള മലിനജലം സംസ്കരിക്കുന്നതിനായുള്ള പ്ലാന്റും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. അഷ്ടമുടികായലിലേക്ക് മാലിന്യം ഒഴുക്കിവിടുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും കായലിലേക്ക് മലിന ജലം ഒഴുക്കിവിടുന്നതിന് സ്ഥാപിച്ചിട്ടുള്ള ഔട്ട്‌ലെറ്റുകൾ അടയ്ക്കേണ്ടതുമാണ്. മാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനുമുള്ള സംവിധാനമുണ്ടെന്ന് ഉറപ്പുവരുത്തിയതിന്ശേഷം മാത്രം വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതാണ് അഭികാമ്യമെന്ന് സമിതി നിരീക്ഷിക്കുന്നു.

അഷ്ടമുടികായൽ പ്രദേശത്തെ വെളിയിട വിസർജ്ജനം തടയുന്നതിനായി സ്വച്ഛഭാരത് അർബൻ പദ്ധതി പ്രകാരം ശൗചാലയമില്ലാത്ത 1413 കുടുംബങ്ങൾക്ക് ശൗചാലയ നിർമ്മാണത്തിനുള്ള ആനുകൂല്യം നൽകുകയും വീടുകളിലെ ശുചിമുറിയിൽ നിന്നും മറ്റും കായൽ പ്രദേശത്തേക്ക് ഔട്ട്‌ലെറ്റുകൾ സ്ഥാപിച്ചിട്ടുള്ള കുടുംബങ്ങളെ കണ്ടെത്തിയതിനെ തുടർന്നുള്ള നടപടികളുടെ ഭാഗമായി, 200-ഓളം പേർക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ട് ശരിയായ ദിശയിലുള്ള നടപടികളുടെ ഭാഗമാണെന്ന് സമിതി വിലയിരുത്തുന്നു. അഷ്ടമുടികായലിൽ മുക്കാട് മുതൽ

കൊല്ലം വരെയുള്ള ഭാഗത്തേയും ശക്തികുളങ്ങര പഴയകലുങ്ക് മുതൽ വട്ടക്കായൽ വരെയുള്ള ഭാഗത്തേയും വടക്കേവിള അയത്തിൽ പ്രദേശത്തുള്ള മണിച്ചിതോട്ടിലേയും വട്ടക്കായൽ, കട്ടക്കായൽ, ചൂരംഗൽ തോട് എന്നിവിടങ്ങളിലേയും അജൈവമാലിന്യങ്ങൾ സന്നദ്ധ സംഘടനയുടെ സഹകരണത്തോടെയും പൊതുജന പങ്കാളിത്തത്തോടെയും നീക്കം ചെയ്തതായും അഷ്ടമുടികായലിന്റെ സംരക്ഷണത്തിനായി കണ്ടൽ വൃക്ഷത്തൈകൾ വെച്ചുപിടിപ്പിക്കുകയും കൊതുകുകളെയും കൂത്താടികളെയും നശിപ്പിക്കുവാനായി മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തതായും അഷ്ടമുടി കായൽ സംരക്ഷണത്തിന്റെ ഭാഗമായി കായലോര പ്രദേശങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും ലഘുലേഖ വിതരണവും നടത്തിയതായുമുള്ള സർക്കാർ റിപ്പോർട്ടുകൾ സ്വാഗതാർഹമാണ്.

കൊല്ലം ജില്ലാ ആശുപത്രിയിലെ മലിനജല സംസ്കരണത്തിനായി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും ഹരിതകേരളം പദ്ധതിയുടെ ഭാഗമായുള്ള കായൽ സംരക്ഷണ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു.

അഷ്ടമുടികായലിനോട് ചേർന്നുവരുന്ന പ്രദേശങ്ങളിലെ വീടുകളിലെ കിണറുകളിൽനിന്നും സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തിയതിൽ കോളിഫോം ബാക്ടീരിയയുടെ അളവ് പൂജ്യം വേണ്ടിടത്ത് പതിനഞ്ചും മുപ്പതുമൊക്കെ ഉണ്ടായിരുന്നുവെന്നത് മലിനീകരണത്തിന്റെ തോത് കൂടുതലാണെന്ന വസ്തുത ബോധ്യപ്പെടുത്തുന്നതാണെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത പ്രദേശങ്ങളിൽ ക്ലോറിനേഷനും ബ്ലീച്ചിംഗും നടത്തുന്നുണ്ടെങ്കിലും കോളിഫോം ബാക്ടീരിയയുടെ അളവ് കുറയുന്നില്ലെന്നത് സമിതി ഗൗരവമായി കാണുന്നു.

കേരളത്തിലെ മറ്റ് ജലാശയങ്ങളിലേതിന് സമാനമായി അഷ്ടമുടികായലിലും വൻതോതിൽ കൈയേറ്റം നടന്നിട്ടുള്ളതായി സമിതിയുടെ സന്ദർശനത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. വേമ്പനാട്ട് കായൽ കഴിഞ്ഞാൽ കേരളത്തിലെ ഏറ്റവും വലിയ കായലായ അഷ്ടമുടിയുടെ യഥാർത്ഥ വിസ്തൃതിയായ 61.4 ചതുരശ്രകിലോമീറ്ററിൽ നിന്ന് 32 ച.കി.മീ.-ലേയ്ക്ക് ചുരുങ്ങിയതായും ഇതിൽ നിന്ന് വീണ്ടും ചുരുങ്ങുന്നതായും ഉപഗ്രഹ സർവ്വേ അടിസ്ഥാനമാക്കിയ പഠനങ്ങൾ തെളിയിക്കുന്നു. പാറ കെട്ടിയും കോൺക്രീറ്റ് മതിലുകൾ പണിതും മണ്ണിട്ട് നികത്തിയുമാണ് ഭൂരിഭാഗം കൈയേറ്റവും നടത്തിയിട്ടുള്ളത്. ചീക്കൻതുരുത്ത്, കൈരളി തുരുത്ത്, കാവനാട്, പുത്തൻതുരുത്ത്, കണക്കൻ തുരുത്ത്, പുഷ്പമംഗലം തുരുത്ത്, ഫാത്തിമാ തുരുത്ത്, തോമസ് തുരുത്ത്, ജോസഫ് തുരുത്ത് തുടങ്ങിയ ഭാഗങ്ങളിലാണ് കൈയേറ്റം വ്യാപകമായിട്ടുള്ളത് എന്നും കായൽതീരത്ത് ആയിരത്തോളം കൈയേറ്റങ്ങൾ നടന്നിട്ടുണ്ടെന്നുമാണ് സമിതിയുടെ സന്ദർശനവേളയിൽ വ്യക്തമായിട്ടുള്ളത്.

അഷ്ടമുടികായലിൽ നിന്ന് മണലൂറ്റുന്നതുമൂലം ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സംജാതമാകുന്നതായും ഭൂജല നിരപ്പിലും ജല ലഭ്യതയിലും ഉണ്ടാകുന്ന കുറവുമൂലം സമീപ കിണറുകളിൽ ജലനിരപ്പ് താഴുന്നത് മണലൂറ്റിന്റെ പരിണിതഫലമാണെന്നും മുളവന വില്ലേജ് പരിധിയിൽപ്പെട്ട പടപ്പക്കര ഭാഗത്തെ വാളാത്തി പൊയ്ക, വാദ്ധ്യാർകടവ്, കുതിര മുനമ്പ്, കുമ്പളം ഭാഗത്തെ പായോട് മൂല, കാഞ്ഞിരക്കോട് ഐ.ടി. പാർക്കിന്റെ പരിസരം, കൈതാകോടി എന്നീ ഭാഗങ്ങളിൽ കൂടുതലായി മണലൂറ്റൽ നടത്തിവരുന്നതായും സമിതി നിരീക്ഷിക്കുന്നു.

അനധികൃത മണൽ ഖനനം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിച്ച് അനധികൃത മണൽഖനനം നിരീക്ഷിക്കുന്നതിനുള്ള നടപടികളും രാത്രി കാലങ്ങളിലും വെളുപ്പിനും പോലീസ് പട്രോളിംഗ് ഏർപ്പെടുത്തുന്നതിനുള്ള നടപടികളും ത്വരിതപ്പെടുത്തുന്നതിലൂടെ അനധികൃത മണൽ ഖനനത്തിന് ഒരു പരിധി വരെയെങ്കിലും തടയിടുന്നതിന് സാധിക്കുമെന്ന് സമിതി വിലയിരുത്തുന്നു.

സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ കുണ്ടറയിലെ കേരള സെറാമിക്സ് ലിമിറ്റഡ് കായലിലേക്ക് പാഴ്മണ്ണും കളിമണ്ണും നിക്ഷേപിച്ചതുമൂലം കായലിന്റെ തെക്ക് കിഴക്കേ അറ്റത്തുള്ള കാഞ്ഞിരക്കോട് തോടിന് നാശം സംഭവിക്കുകയും "കരിമീൻ" (പേൾസ്പോട്ട്) "കണമ്പ്" (മുള്ളറ്റ്) എന്നീ മത്സ്യ ഇനങ്ങൾ ഇല്ലാതായതിലൂടെ മത്സ്യത്തൊഴിലാളികളുടെ മത്സ്യ വില്പന കുറഞ്ഞതിനെ തുടർന്ന് ഉപജീവന മാർഗ്ഗം അടഞ്ഞതിനാൽ മറ്റ് ഭാഗങ്ങളിലേക്ക് കുടിയേറിയതായും ഉപജീവനത്തിനായി ചകിരിയെ ആശ്രയിച്ചിരുന്ന ആളുകൾ കായൽ ജലം തൊണ്ട് കുതിർക്കാൻ ഉപയോഗിച്ചിരുന്നതായും, എന്നാൽ ഇപ്പോൾ തോട് അടച്ചതിനാൽ കാഞ്ഞിരക്കോട്ട് കയർ വ്യവസായം നാമാവശേഷമാവുകയും കയർ തൊഴിലാളികളും ഉപജീവനത്തിനായി മറ്റ് സ്ഥലങ്ങളിലേക്ക് കുടിയേറിയതായും സമിതി വിലയിരുത്തുന്നു.

അഷ്ടമുടി കായലിന്റെ പാരിസ്ഥിതിക സംരക്ഷണം ഉറപ്പാക്കുന്നതിന് നിലവിലുള്ള കർമ്മ പരിപ്രേക്ഷ്യം (Management Action Plan) National Plan for Conservation of Aquatic Ecosystem സ്കീമിന്റെ പുതിയ മാർഗ്ഗരേഖ പ്രകാരം പരിഷ്കരിക്കുന്നതിനും കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി (SWAK)-യുടെ അഷ്ടമുടി കായലിന്റെ അംഗീകരിച്ച കർമ്മ പരിപ്രേക്ഷ്യത്തിന്റെ ഭാഗമായുള്ള ഒരു സംയോജിത വസ്തുതാ വിവരണം തയ്യാറാക്കുന്നതിനും തുടർച്ചയായുള്ള നിരീക്ഷണ വിലയിരുത്തൽ ശക്തമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു. അഷ്ടമുടി കായലിൽ 5 ഇടങ്ങളിൽ 3 മാസത്തിൽ ഒന്ന് എന്ന നിലയിൽ 18 ജല ഗുണനിലവാര സൂചകങ്ങൾ നിരീക്ഷിച്ച് പ്രസ്തുത വിവരങ്ങൾ ഒരു വെബ് പോർട്ടൽ വഴി പൊതുജനങ്ങൾക്ക് കൂടി ലഭ്യമാക്കുന്നതിലൂടെ ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് പൊതുജനങ്ങളിൽ കൂടുതൽ അവബോധം ഉണ്ടാകുമെന്ന് സമിതി വിലയിരുത്തുന്നു.

അഷ്ടമുടികായലിന്റെ സംരക്ഷണത്തിനായി അംഗീകരിച്ച കർമ്മ പരിപ്രേക്ഷ്യം പ്രകാരം അഷ്ടമുടികായലിന്റെ വൃഷ്ടിപ്രദേശ സംരക്ഷണ കമ്മിറ്റി സംഘടിപ്പിക്കൽ, ജൈവ വൈവിധ്യ സംരക്ഷണം, വനവത്കരണം തുടങ്ങിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കായലിന്റെ പ്രധാന ജലസ്രോതസ്സായ കല്ലടയാറിന് സമീപത്തെ പുനലൂർ പേപ്പർമിൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ലായെന്നും റെയിൽവേ സ്വിച്ച് ഗിയർ നിർമ്മിക്കുന്ന Alind കുണ്ടറ എന്ന സ്ഥാപനം 2017 മുതൽ പ്രവർത്തിച്ചു വരുന്നുവെന്നും പ്രസ്തുത യൂണിറ്റിൽ നിന്നും മലിനജലം ഉണ്ടാകാൻ സാധ്യതയില്ലെന്നുമുള്ള റിപ്പോർട്ട് സമിതി അംഗീകരിക്കുന്നു.

അഷ്ടമുടികായലിൽ വിനോദസഞ്ചാര പദ്ധതികൾ നടപ്പിലാക്കുന്നതുമൂലമുണ്ടാകുന്ന മലിനീകരണ പ്രശ്നങ്ങളിന്മേൽ നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേനയും ബോട്ട് ബിൽഡിംഗ് യാർഡുകളിൽ പഴയ ബോട്ടുകൾ പൊളിച്ചതിനു ശേഷമുള്ള തെർമോക്കോൾ, ആസ്ബറ്റോസ് ഷീറ്റുകൾ, മര ഉരുപ്പടികൾ തുടങ്ങിയ മാലിന്യങ്ങൾ അഷ്ടമുടി കായലിന്റെ വിവിധ ഭാഗങ്ങളിൽ നിക്ഷേപിച്ചതായുള്ള പരാതികളിന്മേൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും കൊല്ലം ജില്ലാ ഭരണകൂടം ചുമതലാ ബോധത്തോടെയും ഉത്തരവാദിത്തപരമായും പ്രവർത്തിക്കേണ്ടത് കായൽ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. അഷ്ടമുടി കായലിന്റെ സമീപത്തുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളിൽ Random monitoring-ഉൾപ്പെടെയുള്ള നടപടികൾ മലിനീകരണ നിയന്ത്രണ ബോർഡ് നടത്തേണ്ടതും തടാകത്തിലെയും സമീപപ്രദേശത്തെയും മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ തുടരേണ്ടതുമാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

അഷ്ടമുടികായലിലെ ജലത്തിന്റെ ഗുണനിലവാരം ശാസ്ത്രീയമായി പരിശോധിക്കുന്നതിന് അഷ്ടമുടികായലിൽ 6 വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷനുകളിലെയും ടോട്ടൽ കോളിഫോം, വീക്കർ കോളിഫോം എന്നിവയുടെ സാന്നിദ്ധ്യം പരിശോധിക്കുന്നതിനും സ്വീവേജിന്റെ സാന്നിദ്ധ്യം കായൽ ജലത്തിൽ ഉണ്ടോയെന്ന് പരിശോധിക്കുന്നതിനും സോഷ്യൽ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ സാനിറ്റേഷൻ സർവ്വേ ഫലപ്രദമായി നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു. ആധുനികവും കാലാനുസൃതവുമായ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ട് എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാകുന്ന തരത്തിലും ലളിതവുമായ മൊബൈൽ ആപ്ലിക്കേഷന്റെ അടിസ്ഥാനത്തിൽ സർവ്വേ നടത്തണമെന്നും ആയതിനെ ആധാരമാക്കി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കണമെന്നും സമിതി ചൂണ്ടിക്കാട്ടുന്നു.

അഷ്ടമുടികായലിന്റെ സംരക്ഷണത്തിനായി തദ്ദേശസ്വയംഭരണം, ഫിഷറീസ് തുടങ്ങിയ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും അഷ്ടമുടികായലിന്റെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും തനത് മത്സ്യങ്ങൾക്ക് വംശനാശം സംഭവിക്കാതിരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നടപ്പിലാക്കുന്നുണ്ടെന്നുമുള്ള ഫിഷറീസ് വകുപ്പിന്റെ റിപ്പോർട്ട് ആശാവഹമാണെന്ന് സമിതി നിരീക്ഷിക്കുന്നു.

ഹൗസ് ബോട്ടുകൾ നീറ്റിലിറക്കുന്നതിന് സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയായ തുറമുഖ വകുപ്പാണ് ലൈസൻസ് നൽകുന്നതെന്നും 6 അപ്രൂവ്ഡ് യാർഡുകളാണ് മാരിടൈം ബോർഡിന്റെ കീഴിൽ വരുന്നതെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതിയും അപ്രൂവലുമുള്ള ബോട്ടുകൾക്കാണ് രജിസ്ട്രേഷൻ നൽകുന്നതെന്നുമുള്ള ജലവിഭവ വകുപ്പിന്റെ റിപ്പോർട്ടിന്മേൽ അഷ്ടമുടിയിലെ ബോട്ടുകൾക്ക് രജിസ്റ്ററിംഗ് അതോറിറ്റി മുഖേനയുള്ള രജിസ്ട്രേഷനുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

കൊല്ലം ജില്ലയിൽ തീരങ്ങൾ കേന്ദ്രീകരിച്ച് 40 ബോട്ട് ബിൽഡിംഗ് യാർഡുകൾ പ്രവർത്തിച്ചിരുന്നുവെന്നും ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ 22 ബോട്ട് ബിൽഡിംഗ് യാർഡുകളാണ് നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ബാക്കിയുള്ള യാർഡുകളിൽ ഇപ്പോൾ ബോട്ട് നിർമ്മാണമോ അനുബന്ധപ്രവർത്തനങ്ങളോ നടത്തുന്നില്ലായെന്നും വിലയിരുത്തിയ സമിതി അനധികൃത ബോട്ട് ബിൽഡിംഗ് യാർഡിൽ ബോട്ട് പൊളിക്കുന്നത് തടയുന്നതിന് ഉദ്യോഗസ്ഥ തലത്തിലുള്ള പരിശോധന കൂടുതൽ ശക്തമാക്കേണ്ടതുണ്ടെന്ന് നിർദ്ദേശിക്കുന്നു.

അഷ്ടമുടികായലിന്റെ ഏറ്റവും പ്രധാന ജലസ്രോതസ്സായ കല്ലട നദിയുടെ സ്വഭാവിക നീരൊഴുക്ക് തടയുന്നത്, ആറ്റിലും കായലിന്റെ വിവിധ ഭാഗങ്ങളിലും എക്കലും ചെളിയും വന്നടിയുന്നതിനും കായലിലെ ശുദ്ധജലത്തിന്റെ അളവ് കുറയുന്നതിനും അഴിമുഖത്തുനിന്നും വേലിയേറ്റമുണ്ടാകുമ്പോൾ ഓരുജലം അധികമായി കയറുന്നതിനും ഇടയാക്കുന്നുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. കല്ലട നദിയിൽ അടിഞ്ഞുകൂടിയ ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്തതുമൂലം അഷ്ടമുടികായലിലേക്കുള്ള ജലനിർഗ്ഗമനം സുഗമമാക്കുന്നതിനും, കായലിലെ ജലനിരപ്പ് വർദ്ധിപ്പിക്കുന്നതിനും സഹായകരമായിട്ടുണ്ടെന്ന ജലവിഭവ വകുപ്പിന്റെ റിപ്പോർട്ട് ശുഭസൂചകമാണെന്നും ആയതിനാൽ കായലിലേക്ക് ഒഴുകിയെത്തുന്ന ചെറുതും വലുതുമായ തോടുകളിൽ നിന്നും ചെളി നീക്കം ചെയ്ത് ആഴം കൂട്ടുന്ന പ്രവൃത്തി കൂടുതൽ ഊർജ്ജിതമാക്കേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു.

അഷ്ടമുടികായൽ കുടിവെള്ള സ്രോതസ്സായി ഉപയോഗിക്കുന്നില്ലായെന്നും കിണറുകളിലെ ജലഗുണനിലവാര പരിശോധന മാത്രമാണ് ഭൂജല വകുപ്പ് നിർവ്വഹിക്കുന്നതെന്നും അഷ്ടമുടി കായൽ തീരത്തോട് ചേർന്നുള്ള കിണറുകളിലെ ഗുണനിലവാര പരിശോധന നടത്താൻ ഭൂജല വകുപ്പ് സജ്ജമാണെന്നും തെളിവെടുപ്പ് യോഗത്തിൽ വകുപ്പുദ്യോഗസ്ഥർ അറിയിച്ചിരുന്നു.

കായലുമായി അതിർത്തി പങ്കിടുന്ന ഒൻപത് പഞ്ചായത്തുകളിലും കൊല്ലം കോർപ്പറേഷനിലും ജൽജീവൻ, അമൃത് പദ്ധതികൾ മുഖേന കുടിവെള്ളമെത്തിക്കുന്നുണ്ടെന്നും പുതിയ കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും ഗ്രാമീണ ഭവനങ്ങളിൽ ഉൾപ്പെടെ കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നും ഭൂജല വകുപ്പ് മുഖേനയും കുടിവെള്ള കണക്ഷനുകൾ നൽകിവരുന്നതായും 2024-ഓടെ എല്ലാവർക്കും ജൽജീവൻ മിഷൻ വഴി കുടിവെള്ള കണക്ഷൻ ലഭിക്കുന്നതാണെന്നുമുള്ള ജലവിഭവ വകുപ്പിന്റെ മറുപടികൊണ്ട് കാര്യങ്ങൾ അവസാനിക്കുന്നില്ലെന്നും ഭാവിയിൽ അഷ്ടമുടികായലും കുടിവെള്ള സ്രോതസ്സായി ഉപയോഗിക്കത്തക്കരീതിയിലേക്ക് കായലിലെ ജലം മാറ്റിയെടുക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

കുടിവെള്ളത്തിനായി കല്ലടയാറിൽ സ്ഥാപിച്ചിട്ടുള്ള പ്ലാന്റിൽ നിന്നുള്ള വെള്ളമാണ് നൽകുന്നതെന്നും വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളം നിരന്തര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടെന്നും വെള്ളത്തിന്റെ ഗുണനിലവാരത്തിൽ കാര്യമായ പ്രശ്നങ്ങളൊന്നു മില്ലായെന്നുമുള്ള ജലവിഭവ വകുപ്പിന്റെ റിപ്പോർട്ട് സമിതി പരിഗണിക്കുകയുണ്ടായി. ഉപ്പുരസമുള്ളതുകൊണ്ട് കായൽ ജലം കുടിക്കാൻ ഉപയാഗിക്കില്ലായെന്നും അഷ്ടമുടികായലിന്റെ തീരത്തെ 15 മുതൽ 50 മീറ്റർ വരെ ചുറ്റളവിലുള്ള വീടുകളിൽ ഭൂജല വകുപ്പ് നടത്തിയ പരിശോധനയുടെ റിപ്പോർട്ട് പൂർണ്ണമായും തൃപ്തികരമായിരുന്നില്ലായെന്നും ചില കിണറുകളിൽ പി.എച്ച്. മൂല്യം കുറവും ഹാർഡ്നസ്, ആൽക്കലൈറ്റി, റ്റി.ഡി.എസ്. തുടങ്ങിയവ കൂടുതലുമാണെന്നുമുള്ള കണ്ടെത്തൽ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിന് സമീപമുള്ള പ്രദേശങ്ങളിലെ കിണറുകളിൽ വെള്ളത്തിൽ ലയിച്ചുചേരുന്ന ഖരപദാർത്ഥങ്ങൾ, ബൈകാർബണേറ്റുകൾ, ഇരുമ്പ് എന്നിവയുടെ അളവ് വളരെ കൂടുതലാണെന്ന പരിസ്ഥിതി വകുപ്പിന്റെ റിപ്പോർട്ട് ഗൗരവമാർന്നതാണെന്ന് സമിതി വിലയിരുത്തുന്നു. കായൽ വെള്ളത്തിൽ ഉപ്പുരസം കൂടുതലായതിനാൽ അടുത്തുള്ള ഭൂഗർഭ ജലത്തിലും അതിന്റെ സാന്നിദ്ധ്യമുണ്ടാകാമെന്ന വിദഗ്ദ്ധരുടെ വിലയിരുത്തൽ വസ്തുനിഷ്ഠമാണെന്ന് സമിതി നിരീക്ഷിക്കുന്നു.

അഴിമുഖത്തെ വേലിയേറ്റവും വേലിയിറക്കവും അഷ്ടമുടികായലിന്റെ പാരിസ്ഥിതിക സന്തുലനത്തെ സ്വാധീനിക്കുന്ന പ്രധാന പ്രതിഭാസങ്ങളാണെന്നും 2018-ലെ പ്രളയവും കാലാവസ്ഥാ വ്യതിയാനവും അഷ്ടമുടികായലിനോട് ചേർന്ന മൺട്രോതുരുത്ത് പോലെയുള്ള പ്രദേശങ്ങളിലെ ജനജീവിതത്തിനും സ്വാഭാവിക പരിസ്ഥിതിയ്ക്കും ഭീഷണി ഉയർത്തിയതായും സമിതി മനസ്സിലാക്കുന്നു. പ്രകൃത്യാ ഉണ്ടാകുന്ന ഇത്തരം പ്രതിഭാസങ്ങളെ തടയാൻ ശ്രമിക്കുന്നത് പ്രകൃതിയെ ദോഷകരമായി ബാധിക്കുമെന്നും വെള്ളപ്പൊക്കം ഒഴിവാക്കേണ്ടതാണെങ്കിലും ടൈഡൽ മൂവ്മെന്റ് പ്രതിരോധിക്കുന്നത് അഭികാമ്യമല്ലായെന്നുമുള്ള വകുപ്പുദ്യോഗസ്ഥരുടെ അഭിപ്രായം ജനസാന്ദ്രത വർദ്ധിച്ച കേരളം പോലെയുള്ള സംസ്ഥാനങ്ങളിൽ എത്രമാത്രം പ്രായോഗികമാകുമെന്ന് സമിതി ആശങ്കപ്പെടുന്നു.

കൊല്ലത്തിന്റെ വിനോദസഞ്ചാരമേഖലയിൽ നിർണ്ണായക പങ്ക് വഹിക്കാവുന്ന തരത്തിൽ അഷ്ടമുടികായൽ എന്ന മനോഹരമായ തണ്ണീർത്തടത്തിന്റെ ടൂറിസം സാധ്യതകൾ കാര്യമായി ചൂഷണം ചെയ്യപ്പെട്ടിട്ടില്ലായെന്ന് സമിതി വിലയിരുത്തുന്നു. നിലവിൽ സംസ്ഥാനത്തിന്റെ കായൽ ടൂറിസത്തിൽ അഷ്ടമുടിയുടെ സംഭാവന അഞ്ചു ശതമാനത്തിൽ താഴെ മാത്രമാണെന്നത് കണക്കിലെടുത്ത്, കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി ടൂറിസ്റ്റുകളുടെ അഭിരുചിക്കനുസരണമായി തന്ത്രങ്ങൾ ആവിഷ്കരിച്ച് വിപണനം ചെയ്യുകയാണെങ്കിൽ കായൽ ടൂറിസത്തിന്റെ കൂടുതൽ വിഹിതം നേടാൻ അഷ്ടമുടിക്ക് സാധിക്കുമെന്നും സമിതി വിലയിരുത്തുന്നു.

അഷ്ടമുടികായലിനോട് ചേർന്ന ഗ്രാമപഞ്ചായത്തുകൾ വഴി ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കാവുന്നതും ഇതുവഴി തദ്ദേശീയരെ ടൂറിസം വ്യവസായത്തിലേക്ക് ആകർഷിക്കുമെന്നും അഷ്ടമുടി കായൽ സംരക്ഷണവും മലിനീകരണ നിയന്ത്രണവും അവരുടെകൂടി ഉത്തരവാദിത്തമായി മാറുകയും, അതുവഴി കായൽ സംരക്ഷണത്തിന് ഒരു ജനകീയ മുഖം കൊണ്ടു വരാൻ കഴിയുമെന്നും ഉത്തരവാദിത്ത ടൂറിസം വഴി തദ്ദേശീയരായ ജനവിഭാഗങ്ങളെ ഏതെല്ലാം തരത്തിൽ ഈ മേഖലയുമായി ബന്ധിപ്പിക്കാൻ കഴിയുമെന്ന് കണ്ടെത്തേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു.

സംസ്ഥാനഖജനാവിന്റെ പ്രധാനപ്പെട്ട വരുമാന സ്രോതസ്സുകളിൽ ഒന്നായി വിനോദ സഞ്ചാരമേഖലയെ വളർത്തിക്കൊണ്ടുവരുന്നതിനൊപ്പം ഈ വ്യവസായം മൂലമുണ്ടാകുന്ന പാരിസ്ഥിതിക, മലിനീകരണ പ്രശ്നങ്ങളെ ലാഘവത്തോടുകൂടി കാണുന്നത് അഭികാമ്യമല്ലായെന്നും വഞ്ചിവീടുകൾ, വള്ളങ്ങൾ, മറ്റ് ജലയാനങ്ങൾ എന്നിവയിൽനിന്നും കൂടാതെ കായൽ തീരത്തെ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയിൽ നിന്നുമുള്ള മാലിന്യങ്ങളും അഷ്ടമുടി കായലിലെ ജലത്തിന്റെ ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. അപകടകരമായ രാസമാലിന്യങ്ങൾ ഉൾപ്പെടെയുള്ള ഇത്തരം മാലിന്യങ്ങൾ ജലത്തിൽ കലർന്ന് കായലിലെ സൂക്ഷ്മജീവികളുടെ അധിവാസത്തെയും കായലിന്റെ സ്വഭാവിക ആവാസവ്യവസ്ഥയെയും താളം തെറ്റിക്കുന്നതായ കണ്ടെത്തൽ ചിന്തനീയമാണെന്നും സമിതി നിരീക്ഷിക്കുന്നു.

അഷ്ടമുടികായലിലെ ജലത്തിന്റെ ഗുണനിലവാരം കുറയുന്നുവെന്ന സമീപകാല പഠനങ്ങൾ കണക്കിലെടുത്ത് കായലിലെ ശുക്ഷവും അനിയന്ത്രിതവുമായ മലിനീകരണവും കായൽ കൈയേറ്റവും ഒഴിവാക്കുന്നതിന് ജില്ലാ ഭരണകൂടവും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മറ്റ് സർക്കാർ വകുപ്പുകളും പൊതുജനങ്ങളും നിസ്സംഗതവെടിഞ്ഞ് ഉണർന്ന് പ്രവർത്തിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അഷ്ടമുടികായലിന്റെ സംരക്ഷണം എല്ലാവരുടെയും കർത്തവ്യവും ഉത്തരവാദിത്തവുമാണെന്ന ബോധ്യം ആബാലവൃദ്ധം ജനങ്ങളിലും എത്തിക്കേണ്ടത് വർത്തമാനകാലത്തിന്റെ അനിവാര്യതയാണ്. കായൽ ജലത്തിന്റെ ഗുണ

നിലവാരം കുറയുന്നത് കായലിലെ സൂക്ഷ്മജീവികളുൾപ്പെടെ ജീവജാലങ്ങളുടെ അതിജീവനത്തെ പ്രതികൂലമായി ബാധിക്കുമെന്നും കായലിലെ തനത് മത്സ്യസമ്പത്തിനും മറ്റും വംശനാശ ഭീഷണി ഉയർത്തുന്നതാണെന്നുമുള്ള പഠനങ്ങൾ അത്യന്തം ഗൗരവമാർന്നവയാണെന്നും സമിതി അഭിപ്രായപ്പെടുന്നു. കായൽ ജലത്തിന്റെ ഗുണനിലവാരം കുറയുന്നത് സമീപ പ്രദേശത്തെ ഭൂഗർഭ ജലത്തിന്റെ ഗുണനിലവാരം കുറയുവാനിടയാക്കുമെന്നും ഭാവിയിൽ രൂക്ഷമായ ശുദ്ധജല ദൗർലഭ്യത്തിന് വഴിയൊരുക്കുമെന്നും സമിതി ആശങ്കപ്പെടുന്നു.

ശാസ്ത്രീയവും ജനകീയവുമായ മാലിന്യ നിയന്ത്രണ നിർമ്മാർജ്ജന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെയും പൊതുജന പങ്കാളിത്തത്തോടുകൂടി മാലിന്യ നിക്ഷേപത്തിനെതിരെയും കായൽ കൈയേറ്റത്തിനെതിരെയും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെയും കൊല്ലം നഗരത്തിലെ ജനങ്ങളുടെ മാത്രമല്ല സംസ്ഥാനത്തിന്റെ തന്നെ പാരിസ്ഥിതിക ഘടന സന്തുലനമാക്കുന്നതിന് അനിവാര്യമായ ഘടകമാണ് റംസർ സൈറ്റായ അഷ്ടമുടികായൽ എന്ന പാരിസ്ഥികാവബോധം പൗരന്മാരിൽ വളർത്തിയെടുക്കാൻ കഴിയുമെന്ന് സമിതി കരുതുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകളുടെ സഹായത്തോടെയും ജില്ലാ ഭരണകൂടത്തിന്റെയും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സംവിധാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ടും കായലിന്റെ അനുബന്ധ നദീ സംരക്ഷണ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെയും അഷ്ടമുടികായലിന്റെ ഗതകാലപ്രതാപം വീണ്ടെടുക്കാമെന്ന് സമിതി പ്രത്യാശിക്കുന്നു. ഈ തണ്ണീർതടത്തെ സംസ്ഥാനത്തിന്റെ പാരിസ്ഥിതിക, വിനോദസഞ്ചാര മേഖലകൾക്ക് അനുകരണീയമായ മാതൃകയാക്കി മാറ്റുന്നതിനും മേഖലയിലെ ജനങ്ങളുടെ ജീവസന്ധാരണത്തിന് അനിവാര്യമായ പ്രവർത്തനങ്ങളും പദ്ധതികളും ആവിഷ്കരിക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപിതമായ പ്രവർത്തനത്തിന് സാധിക്കുമെന്ന പ്രതീക്ഷയോടെ സമിതിയുടെ നിഗമനങ്ങൾ ശിപാർശകളായി ചുവടെ ചേർക്കുന്നു.

## ശിപാർശകൾ

1. അഷ്ടമുടികായലിന്റെ സമീപ പ്രദേശങ്ങളെ കായൽ ജലത്തിന്റെ ഗുണനിലവാരം അടിസ്ഥാനമാക്കി വിവിധ ശ്രേണികളായി തരംതിരിക്കുകയും പ്രസ്തുത വിവരങ്ങൾ പ്രതിമാസം പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. മഴക്കാലത്തിന് മുൻപ്, മഴക്കാലം, മഴക്കാലത്തിന് ശേഷം എന്നീ മൂന്ന് കാലയളവിലെയും കായൽ ജലത്തിന്റെ ഗുണനിലവാരം വിവിധ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി താരതമ്യം ചെയ്ത് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. അഷ്ടമുടികായലിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും മേൽനോട്ടത്തിനുമായി അഷ്ടമുടി വെറ്റ് ലാൻഡ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കണമെന്നും കായൽ സംരക്ഷണ പദ്ധതികൾക്കായി വിവിധ വകുപ്പുകൾ നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി മാസം തോറും വിലയിരുത്തുന്നതിനും കായൽമേഖലയിലെ സ്വാഭാവിക ആവാസവ്യവസ്ഥക്ക് കോട്ടം വരുന്ന സാഹചര്യങ്ങൾ പരിശോധിച്ച് ആയവ പരിഹരിക്കുന്നതിനുമായി ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

4. കായലുമായി അതിർത്തിപങ്കിടുന്ന പഞ്ചായത്തുകൾ മാലിന്യ സംസ്കരണത്തിന് യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കണമെന്നും ഗാർഹിക-അറവുശാല-ഹൗസ് ബോട്ട് മാലിന്യം, പ്ലാസ്റ്റിക് തുടങ്ങിയവ കായലിൽ തള്ളുന്നത് തടയാൻ കർശന നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി രാത്രികാല പട്രോളിംഗ് ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

5. അഷ്ടമുടികായലിലേയ്ക്ക് തുറന്നുവച്ചിരിക്കുന്ന സ്വീവേജ് പൈപ്പുകൾ മാറ്റി പ്രസ്തുത ഭാഗങ്ങളിൽ പോർട്ടബിൾ സെപ്റ്റിക് ടാങ്കുകൾ സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. മഴക്കാലപൂർവ്വ ശുചീകരണം, തെളിനീരൊഴുകും നവ കേരളം എന്നീ പദ്ധതികളുടെ ഭാഗമായി തൊഴിലുറപ്പ് പ്രവർത്തകർ, സന്നദ്ധ സേവകർ എന്നിവരെ ഉൾപ്പെടുത്തി കായലിലേക്കുള്ള ഓടകളും, തോടുകളും മറ്റും വൃത്തിയാക്കുന്നതിന് പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. ഓരോ പ്രദേശത്തിന്റെയും പാരിസ്ഥിതിക സവിശേഷതകൾ കണക്കിലെടുത്ത് വ്യക്തിഗത കക്കൂസുകളുടെ ഡൈജസ്റ്റർ ഭാഗം മെച്ചപ്പെടുത്തുന്നതിനും കൂടുതലായി ആംഫിബിയൻസ് ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. അഷ്ടമുടികായലിലും അനുബന്ധ ജലസ്രോതസ്സുകളിലും മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി കൊല്ലം കോർപ്പറേഷൻ Night Squad-ന്റെ പ്രവർത്തനം കാര്യക്ഷമമാക്കി പരിശോധന ശക്തിപ്പെടുത്തുന്നതിനും മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തി നിയമപരമായ ശിക്ഷ നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. 'സ്വച്ഛ് ഭാരത് മിഷൻ'-ന്റെ ഗൈഡ്‌ലൈൻ പ്രകാരം ഹൗസ് ബോട്ടുകളിൽനിന്നുള്ള ടോയ്‌ലെറ്റ് മാലിന്യങ്ങളുൾപ്പെടെ ശേഖരിക്കുന്നതിന് മൊബൈൽ ട്രാൻസ്‌പോർട്ടിംഗ് സംവിധാനമേർപ്പെടുത്തി കരയിൽ സ്ഥാപിച്ചിട്ടുള്ള എസ്.റ്റി.പി.-യിൽ സംസ്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. കായൽ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ വികസന കമ്മീഷണറെ നോഡൽ ഓഫീസറായി നിയമിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. അഷ്ടമുടികായലിന്റെ തീരത്തെ ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി മാലിന്യ നിർമ്മാർജ്ജനത്തിന് ശുചിത്വ മിഷൻ മുഖേന പൊതു- സംവിധാനമേർപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. അഷ്ടമുടികായലിലെ ജല മലിനീകരണത്തിന്റെ പ്രധാന സ്രോതസ്സായ കുരീപ്പുഴഡമ്പ് സൈറ്റിലെ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. കെ.ഡബ്ല്യൂ.എ. മുഖേന സ്ഥാപിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലേയ്ക്ക് ഹൗസ് ബോട്ടുകളിലെ ഫീക്കൽ സെപ്റ്റേജ് ട്രാൻസ്പോർട്ട് ചെയ്യാവുന്ന സംവിധാനം ഏർപ്പെടുത്തുന്നതിനും മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്തിൽ ഫ്ലോട്ടിംഗ് സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിനുമുള്ള തുടർനടപടി ഊർജ്ജിതമാക്കുന്നതിന് തദ്ദേശസ്വയംഭരണ, ജലവിഭവ വകുപ്പുകൾ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. ഒറ്റപ്പെട്ട തുരുത്തുകളിൽ രാത്രികാലങ്ങളിൽ മാലിന്യങ്ങൾ കത്തിക്കുന്നത് തടയുന്നതിനും കുറ്റക്കാരെ കണ്ടെത്തുന്നതിനും പ്രത്യേക പോലീസ് പട്രോളിംഗ് സംഘത്തെ നിയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. ഒരോ മൂന്ന് മാസം തോറും കായലിന് ചുറ്റുമുള്ള ജലസ്രോതസ്സിൽ നിന്നുള്ള വെള്ളത്തിന്റെയും, സമീപത്തെ വീടുകളിലെ കിണറ്റിലെ വെള്ളത്തിന്റെയും സാമ്പിളുകൾ ശേഖരിച്ച് ജില്ലാ പബ്ലിക് ഹെൽത്ത് ലാബിൽ ഗുണനിലവാര പരിശോധന നടത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. കായലിന് സമീപത്ത് സ്ഥിതിചെയ്യുന്ന വീടുകളിലെ കിണറുകളിൽ കൃത്യമായുള്ള ഇടവേളകളിൽ ക്ലോറിനേഷൻ നടത്തുന്നതിനും ആവശ്യഘട്ടങ്ങളിൽ ജില്ലയിൽ മാസ് ക്ലോറിനേഷൻ നടത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. അഷ്ടമുടികായലിലെയും കായൽതീരത്തെയും കൈയേറ്റം കണ്ടെത്തുന്നതിനും ഒഴിപ്പിക്കുന്നതിനും സമയബന്ധിതമായി സർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിന് ഡയറക്ടർ ഓഫ് സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സിന്റെ സഹായത്തോടുകൂടി സ്പെഷ്യൽ ടീം രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ, റീസർവ്വേ വകുപ്പുകൾ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. കായൽതീരത്തെ ഒഴിപ്പിച്ച 2.18 ഹെക്ടർ ഭൂമിയിൽ കല്ല് സ്ഥാപിക്കുന്നതിനും സർവ്വേ നടപടികൾ പൂർത്തീകരിച്ചതിനുശേഷം റിംഗ് റോഡ് നിർമ്മിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. ഒരോ മൂന്ന് മാസംതോറും അഷ്ടമുടികായലിലെ കോളിഫോം ബാക്ടീരിയയുടെ അളവ്, ഓക്സിജൻ ലെവൽ തുടങ്ങിയവ കൃത്യമായി മോണിറ്റർ ചെയ്യുന്നതിനാവശ്യമായ നടപടികൾ പൊല്യൂഷൻ കൺട്രോൾ ബോർഡ് സ്വീകരിക്കണമെന്നും പ്രസ്തുത നടപടികളെ അടിസ്ഥാനപ്പെടുത്തി സമയബന്ധിതമായി ബന്ധപ്പെട്ട വകുപ്പുകൾ തുടർ നടപടികൾ കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

20. അനധികൃതമായി ബോട്ടുകൾ പൊളിക്കുന്നതിനെതിരെ നിയമപരമായി നടപടിയെടുക്കാൻ സാധിക്കുന്നവിധം അടിയന്തര നിയമനിർമ്മാണം നടത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. കുരീപ്പുഴയിൽ നിർമ്മിക്കുന്ന 12 എം.എൽ.ഡി. ശേഷിയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലേക്ക് അമൃത്പദ്ധതിയിൽ ഉൾപ്പെടുത്തി മാലിന്യങ്ങൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിനുള്ള അനുമതി ഹൗസ് ബോട്ടുകൾക്ക് നൽകുന്നതിനായി വിനോദസഞ്ചാര, തദ്ദേശസ്വയംഭരണ വകുപ്പുകൾ സംയുക്തമായി നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. കായൽ ഡ്രഡ്ജ് ചെയ്ത മണ്ണ് നീക്കം ചെയ്യാത്തതിന്റെ ഫലമായിട്ടുണ്ടായ സാമ്പ്രാണിക്കോടി തുരുത്ത് കായലിന്റെ ആവാസ വ്യവസ്ഥയ്ക്ക് ആഘാതമേല്പിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് പഠനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. മാലിന്യം വലിച്ചെറിയുന്ന പ്രവണത നിരുത്സാഹപ്പെടുത്തുന്നതിനായി അഷ്ടമുടി കായലിന്റെ സമീപത്ത് നിലവിലുള്ള നടപ്പാതയുടെ കൈവരികൾ ഉയർത്തുന്നതിനും മാലിന്യം കായലിലേക്ക് വലിച്ചെറിയുന്നത് ശിക്ഷാർഹമാണെന്ന സൂചനാ ബോർഡുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. ദളവാപുരം ഭാഗത്ത് അഷ്ടമുടികായലിലെ മണ്ണ് ബന്ധപ്പെട്ട വകുപ്പുകൾ സംയുക്തമായി നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. ഡി.റ്റി.പി.സി.-യുടെ നിലവിലുള്ള പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന പദ്ധതിയിൽ അഡ്വഞ്ചർപാർക്ക് തീരംകൂടി ഉൾപ്പെടുത്തണമെന്നും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി നിയോഗിക്കപ്പെട്ട തൊഴിലാളികൾ ശേഖരിക്കുന്ന ജൈവ മാലിന്യങ്ങൾ കത്തിച്ചുകളയാതെ ജൈവവള നിർമ്മാണ യൂണിറ്റ് സ്ഥാപിച്ച് സംസ്കരിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

26. അഷ്ടമുടി കായലിനോട് ചേർന്ന് പ്രവർത്തിക്കുന്ന കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാന്റിൽ നിന്നും മണ്ണുമായി ചേർന്ന് കിടക്കുന്ന ഓയിൽ മഴക്കാലത്ത് ഒഴുകി കായലിൽ പതിക്കുന്നത് തടയുന്നതിനായി കെ.എസ്.ആർ.ടി.സി. ഗ്യാരേജ് മാറ്റിസ്ഥാപിക്കുകയോ ആധുനിക ഓയിൽ സംസ്കരണ സംവിധാനം ഉടൻ സ്ഥാപിക്കുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2023 മാർച്ച് 17.

**ഇ. കെ. വിജയൻ,**
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*